**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **28-01-2026 - ൽ മറുപടിയ്ക്ക്**

**വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന് കീഴിൽ വരുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെയും പഴയ ജില്ലാ ബാങ്കുകളിലെയും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സഹകരണ പെൻഷൻ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ റിട്ട.ജില്ല ജഡ്ജി അദ്ധ്യക്ഷനായ സമിതിയെ നിയോഗിച്ചിരുന്നു. |
| (ബി) | ഇവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിവിധ പെൻഷൻ സംഘടനാ പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, സഹകരണ പെൻഷൻ പദ്ധതികളിൽ മിനിമം പെൻഷൻ 4100/- രൂപയായി ഉയർത്തിയും പെൻഷനിൽ 2% വർദ്ധനവ് വരുത്തിയും സ.ഉ.(സാധാ) നം.490/2025/സഹ.; തീയതി 07/11/2025 പ്രകാരം ഉത്തരവായിരുന്നു.<br><br>റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ